Page 1 of 1

പദ്ധതികളിലായി 2016 മുതൽ 2021 വരെ 1,73,32,390 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി നിയോജകമണ്ഡലത്തിൽപ്പെട്ട പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മുനമ്പത്ത് കയർഫെഡ് 1.33 കോടി രൂപ ചെലവിൽ ഗോഡൗൺ സമുച്ചയം കേരള സർക്കാർ ധനസഹായത്തോടുകൂടി പുതുക്കി നിർമ്മിക്കുകയും പുതുതായി ഷോറൂം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മുനമ്പത്ത് കയർഫെഡിന്റെ കീഴിലുള്ള സ്ഥലത്ത് പിത്ത് സംസ്കരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മുനമ്പത്ത് കയർഫെഡിന്റെ കീഴിലുള്ള സ്ഥലത്ത് പിത്ത് സംസ്കരണത്തിനായി ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ചകിരിച്ചോറ് സംഭരിച്ച് സംസ്കരിച്ച് കൊക്കോഫെർട്ട് എന്ന ബ്രാൻഡിൽ സോയിൽ കണ്ടീഷണറായും, കോക്കോ ഗ്രീൻ എന്ന ബ്രാൻഡിൽ ജൈവമാലിന്യ സംസ്കരണത്തിനുള്ള ഇനോക്കുലേറ്റഡ് പിത്തായും മാറ്റുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത ഉത്പന്നങ്ങൾ സംസ്ഥാന കൃഷി വകുപ്പ് വഴിയും ത്രിതല പഞ്ചായത്ത് സംവിധാനം വഴിയും വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

കയർ ഭ്രവസ്തു പദ്ധതി

164(5323) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിലൂടെ കയർ ഭ്രവസ്തു പദ്ധതി നടപ്പിലാക്കുന്നതിന് ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ഭ്രവസ്തുക്കൾ നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര കോടി രൂപ ലഭിച്ചുവെന്നറിയിക്കുമോ?

സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന മുഴുവൻ കയറിനും വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്സുമായി ചേർന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല സംരക്ഷണ പദ്ധതിക്കും റോഡ് നിർമ്മാണത്തിനും കയർഭ്രവസ്തു പദ്ധതി നടപ്പിലാക്കിവരുന്നു. 2021 വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസും കയർ വികസന വകുപ്പും വിവിധ സ്വയംഭരണ സ്ഥാപനങ്ങളുമായിച്ചേർന്ന് 120 കോടി രൂപയുടെ (161,33,33 സ്ക്വയർ മീ.) കയർ ഭ്രവസ്തു പരിപാടിക്ക് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കയർ ഭ്രവസ്തു വിതരണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും കയർ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly